# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5709 02.07.2014 - ൽ മറുപടിക്ക്

## വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള വിതരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ | പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിൽ നിലവിലുള്ള കുടിവള്ള വിതരണ ശൃംഖലകളിൽ എത്രയിടത്ത് വാൽവുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കുടിവെള്ള വിതരണ ശൃംഖലയിൽ 71 വാൽവുകളാണ് ഉള്ളത്. |
| (ബി) പ്രസ്തുത വാൽവുകൾ പ്രവർത്തിപ്പിക്കുവാൻ ചുമതല പ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരാണെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത വാൽവുകളിൽ പമ്പ് ഹൗസിൽ ഉള്ള വാൽവുകൾ ഓപ്പറേറ്റർമാരാണ് പ്രവർത്തിപ്പിക്കുന്നത്. വിതരണ ശൃംഖലയിലുള്ള വാൽവുകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം, ലൈൻമാന്റെ മേൽനോട്ടത്തിൽ, കരാറുകാർ മുഖേന ഏർപ്പെടുത്തിയിട്ടുള്ള ലേബറേഴ്സ് ആണ് പ്രവർത്തിപ്പിക്കുന്നത്. ബ്രാഞ്ച് ലൈനുകളിലെ വാൽവുകൾ പൈപ്പ് ലൈനിലെ അറ്റകുറ്റപ്പണികൾ ചെയ്യുമ്പോൾ അതാതു കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം ആവശ്യമനുസരിച്ച് പ്രവർത്തിപ്പിക്കുന്നു. |

| | |
|---|---|
| (സി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എത്ര നാളുകളായി അവ ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കുമോ? | (സി) ഒരു ലൈൻമാന്റെ തസ്തിക 2001 ജൂലൈ മുതൽ ഒഴിഞ്ഞു കിടക്കുന്നു. |

സെക്ഷൻ ഓഫീസർ